**ഭരണഭാഷ-മാതൃഭാഷ**

ഹയർസെക്കന്ററിഡയറക്ടറുടെ
കാര്യാലയം,ഹൗസിംഗ്ബോർഡ്
ബിൽഡിംഗ്സ്, ശാന്തിനഗർ
തിരുവനന്തപുരം

സി.ജി& എ.സി/88386/2017/ഡി.എച്ച്.എസ്.ഇ തീയതി:01/01/2018

# സർക്കുലർ

വിഷയം :സി.ജി&എ.സി/കരിയർഎക്സ്പോ ദിശ-2018-സ്കൂൾ പ്രിൻസിപ്പാൾമാർ 2018 ജനുവരി 4 ന് പ്രത്യേകസ്കൂൾഅസംബ്ളിനടത്തുന്നത് സംബന്ധിച്ച്.

സൂചന :G.O.(Rt) 2195/2017/Gl. Edn dated 05/07/201

കേരളസംസ്ഥാന സ്കൂൾ കലോത്സവം 2018-നോടനുബന്ധിച്ച്ഹയർസെക്കന്ററിവിദ്യാഭ്യാസവകുപ്പ്2018 ജനുവരി 5 മുതൽ 10 വരെകരിയർഎക്സ്പോ ദിശ-2018 എന്ന പേരിൽവിദ്യാഭ്യാസഎക്സ്പോസംഘടിപ്പിക്കുന്നു. സംസ്ഥാനത്തെ എല്ലാവിദ്യാർത്ഥികൾക്കും ഉന്നത വിദ്യാഭ്യാസ സാധ്യതകളെയുംകരിയർ അവസരങ്ങളെയുംസംബന്ധിച്ച്അറിവു നൽകുന്നതിനുള്ളഒരുഅസുലഭ വേദിയായിരിക്കും ഈ എക്സ്പോ.

35 സ്റ്റാളുകളിലായി ഇന്ത്യയിലെഏറ്റവുംമികച്ച യൂണിവേഴ്സിറ്റികളുംവിദ്യാഭ്യാസസ്ഥാപനങ്ങളുംഇതിൽ പങ്കെടുക്കുന്നു. +2 പഠനത്തിനുശേഷം ഇന്ത്യയിലെ പ്രമുഖവിദ്യാഭ്യാസസ്ഥാപനങ്ങളിൽ അഡ്മിഷൻ നേരിടുന്നതിനുള്ളമാർഗ്ഗനിർദ്ദേശങ്ങൾ പ്രസ്തുതസ്റ്റാളുകളിൽ നിന്നുംലഭിക്കുന്നതാണ്. കോഴ്സ് ഘടനാ, ഫീസ്, എൻട്രൻസ് പരീക്ഷ തുടങ്ങിയമേഖലകളിൽവിദ്യാർത്ഥികൾക്കും,രക്ഷിതാക്കൾക്കുംവിവിധ സ്ഥാപനങ്ങളിലെ പ്രമുഖരിൽ നിന്നുംസംശയ നിവാരണം നടത്തുന്നതിനുള്ള അവസരവുംഇതോടൊപ്പം ഒരുക്കിയിട്ടുണ്ട്.

ഹയർസെക്കന്ററിവിദ്യാഭ്യാസവകുപ്പിനു കീഴിലുള്ള മുഴുവൻ സ്കൂൾ പ്രിൻസിപ്പാൾമാർഎക്സ്പോ സംബന്ധിച്ച വിവരങ്ങൾ 2018 ജനുവരി 4 ന് പ്രത്യേകസ്കൂൾഅസംബ്ളിവിളിച്ചുകൂട്ടി ഈ എക്സ്പോയുടെ പ്രാധാന്യംവിദ്യാർത്ഥികളെഅറിയിക്കേണ്ടതാണ്. എക്സ്പോയിൽ പങ്കെടുക്കുന്നതിന് താല്പര്യമുള്ളവിദ്യാർത്ഥികളെസ്കൂൾകരിയർഗൈഡ്/സൗഹൃദകോ-ഓർഡിനേറ്റർ/ ഉത്തരവാദിത്വപ്പെട്ട അദ്ധ്യാപകർ/ പ്രിൻസിപ്പാൾമുഖേന എക്സ്പോയിൽ പങ്കെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെസംസ്ഥാനസ്കൂൾ കലോത്സവമത്സരങ്ങളിൽ പങ്കെടുക്കാനെത്തുന്ന വിദ്യാർത്ഥികൾക്കുംരക്ഷിതാക്കൾക്കുംഎക്സ്പോ സന്ദർശിക്കുന്നതിനുള്ള അവസരംസ്കൂൾകരിയർഗൈഡ്/ സൗഹൃദകോ-ഓർഡിനേറ്റർമാർഒരുക്കേണ്ടതാണ്.

വിവിധകരിയർവിഷയങ്ങളിൽരാവിലെ 9 മണിമുതൽവൈകിട്ട് 7 മണിവരെ പ്രഗത്ഭരുടെസെമിനാറുകളുംഇതോടൊപ്പം ഉൾപ്പെടുത്തിയിരിക്കുന്നു.

എക്സ്പോസ്റ്റാളുകൾ സന്ദർശിക്കുന്ന സ്കൂൾ അധികൃതർ മുൻകൂട്ടി ദിവസവുംസമയവുംലഭിക്കുന്നതിനായിതാഴെ പറയുന്ന നമ്പരുകളിൽ ബന്ധപ്പെടേണ്ടതാണ്.

**Sd/-**

**ഡയറക്ടർ**

**സുഷിത – 99 61 23 00 68, 97 45 00 61 11**

**ബിനോജ് – 94 46 31 51 05**